**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3430** **26-06-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ പട്ടയം നൽകാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിലെ തൊറവ് വില്ലേജിൽ സ്ഥിതിചെയ്യുന്ന പുതുക്കാട് പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ ചാക്കോച്ചിറ നിവാസികളായ പത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പുതുക്കാട് ഗ്രാമപഞ്ചായത്ത് തൊറവ് വില്ലേജ് സർവ്വെ 159-ൽപ്പെട്ടതും, ബി.ടി.ആർ. പ്രകാരം ചാക്കോച്ചിറ പുറമ്പോക്ക് ആയതുമായ ഭൂമി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും പുനർ നിക്ഷിപ്തം ചെയ്ത് സർക്കാരിലേയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നു. ഭൂമി പുനർനിക്ഷിപ്തം ചെയ്തു ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരം പതിവിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ചാക്കോച്ചിറ എന്ന സ്ഥലപ്പേര് ചിറപുറമ്പോക്ക് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള കാരണത്താൽ പ്രസ്തുത സ്ഥലത്ത് ഒരു നൂറ്റാണ്ടിലധികമായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരുടെ അപേക്ഷകൾ പരിഗണിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പുതുക്കാട് ഗ്രാമപഞ്ചായത്ത് തൊറവ് വില്ലേജ് സർവ്വെ 159-ൽപ്പെട്ടതും, ബി.ടി.ആർ. പ്രകാരം ചാക്കോച്ചിറ പുറമ്പോക്ക് ആയതുമായ ഭൂമി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും പുനർ നിക്ഷിപ്തം ചെയ്ത് സർക്കാരിലേയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നു. ഭൂമി പുനർനിക്ഷിപ്തം ചെയ്തു ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരം പതിവിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ